(ബി) പ്രസ്തുത വർഷങ്ങളിൽ വാണിജ്യ നികുതി വകുപ്പിന് പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടില്ല.

(സി) പ്രസ്തുത വർഷങ്ങളിൽ പദ്ധതിയിനത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

സ്പാർക്കുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്

181 (155) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിചയക്കുറവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു പരിഹരിക്കാനായി സ്പാർക്ക് സംബന്ധിച്ച പരിശീലന പരിപാടികൾ, ആവശ്യപ്പെടുന്നതനുസരിച്ച്, ധനകാര്യ വകുപ്പിന്റെ പരിശീലന കേന്ദ്രം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്തെ സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഇതുസംബന്ധമായ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. നേരിട്ടോ, ഫോൺ മുഖാന്തരമോ ഇ-മെയിൽ വഴിയോ, ചാറ്റ് വഴിയോ സംശയ നിവാരണം നടത്തുവാനുള്ള സംവിധാനം നിലവിൽ ഉണ്ട്. കണ്ണൂർ കളക്ടറേറ്റിലും ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. പുതുതായി, മേഖലാടിസ്ഥാനത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ട്രഷറികളിൽ ഓരോ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങാനും ക്രമേണ എല്ലാ ട്രഷറികളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങാനും തീരുമാനമായിട്ടുണ്ട്. നിലവിൽ 2016 ജനുവരി 29 മുതൽ ഫെബ്രുവരി 10 വരെ ജില്ലാതലങ്ങളിൽ ദ്വിദിന പരിശീലന പരിപാടി ക്രമീകരിച്ചിട്ടുണ്ട്. ഇതിനൊക്കെപുറമേ സ്പാർക്ക് ഉപയോഗം സംബന്ധിച്ച യൂസർ മാനുവൽ, ട്യൂട്ടോറിയൽ എന്നിവ സ്പാർക്കിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

GPM. 2/237/2020-88

LIBRARY ARCHIVES Kerala Legislative Assembly